**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.961** — **29/09/2016 ൽ മറുപടിയ്ക്ക്**

## തോട്ടണ്ടിയുടെ ദൗർലഭ്യം

**ചോദ്യം**
**ശ്രീ.ചിറ്റയം ഗോപകുമാർ**
**ശ്രീമതി.ഇ.എസ്.ബിജിമോൾ**
**ശ്രീമതി.സി.കെ.ആശ**

**ഉത്തരം**
**മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പമന്ത്രി)**

| | | | |
|---|---|---|---|
| (എ) | തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം എന്നത് തിരിച്ചറിഞ്ഞ് തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുമോ ; വിശദമാക്കുമോ; | (എ) | തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന്. സംസ്ഥാനത്തെ ഫാക്ടറികൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ തോട്ടണ്ടിയുടെ 15 ശതമാനമേ ആഭ്യന്തര ഉല്പാദനത്തിൽ നിന്നും ലഭിക്കുന്നുള്ളുയെന്നതാണ് ഈ വ്യവസായം നേരിടുന്ന പ്രധാന പ്രശ്നം. കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദന വർദ്ധനവ് എന്ന ലക്ഷ്യം മുൻ നിർത്തി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി എന്ന പേരിൽ സർക്കാർ ഒരു ഏജൻസി 2007 ൽ രൂപീകരിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ ആഭ്യന്തര തോട്ടണ്ടിയുടെ ഉല്പാദനം 1.5 ലക്ഷം മെട്രിക് ടണ്ണിൽ എത്തിക്കുക എന്നതാണ് ഈ ഏജൻസിയുടെ ലക്ഷ്യം അതിനായി കർഷകർക്ക് സൗജന്യ നിരക്കിൽ കശുമാവ്തൈ വിതരണവും സബ്സിഡിയും നൽകി വരുന്നുണ്ട്. കൂടാതെ സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടേയും സ്വകാര്യ മേഖലയിലുമുള്ള തരിശു ഭൂമിയിലും ഇതര സംസ്ഥാനങ്ങളിലും കശുമാവ് കൃഷി ചെയ്യാനുള്ള നടപടികളും നടന്നു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | തോട്ടണ്ടിയുടെ വിലവർദ്ധനവിന് ആധാരമായ കാരണങ്ങൾ വിശദമാക്കുമോ; | (ബി) | തോട്ടണ്ടിയുടെ വില വർദ്ധനവിന് പ്രധാന കാരണം കശുവണ്ടി ലഭ്യതക്കുറവാണ്. വിദേശ വ്യാപാര നയങ്ങൾ ഉപയോഗ പ്പെടുത്തി ക്കൊണ്ട് വ്യവസായികൾ അല്ലാത്ത ചില ഇടനിലക്കാർ തോട്ടണ്ടി ഇറക്കുമതിയിൽ ഉൾപ്പെടുന്നുവെന്നതും വില വർദ്ധനയ്ക്ക് കാരണമാണ്. വളരെയധികം വ്യവസായികൾ ഈ മേഖലയിലേക്കു കടന്നു വന്നതുമൂലം കശുവണ്ടി വ്യവസായത്തിന് ആവശ്യമായ തോട്ടണ്ടിയ്ക്ക് ദൗർലഭ്യം നേരിടുന്നുണ്ട്. മാത്രമല്ല കശുവണ്ടി ഉല്പാദക രാജ്യങ്ങളിൽ കൂടുതലായി ഫാക്ടറികൾ സ്ഥാപിച്ചതുമൂലം ഇറക്കുമതി ചെയ്യാവുന്ന കശുവണ്ടിയിൽ കുറവ് വന്നിരി ക്കുകയാണ്. ഇത് വില വർദ്ധനവിന് കാരണമായി. ഇപ്പോൾ ഏർപ്പെട്ടു ത്തിയ ഇറക്കുമതി ചുങ്കവും വില വർദ്ധനവിന് കാരണമാണ്. |
| (സി) | കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കം മൂലം തോട്ടണ്ടിയുടെ വില വൻതോതിൽ വർദ്ധിക്കാനിടയായിട്ടുണ്ടോയെന്നും എങ്കിൽ ഇതിന്റെ പ്രത്യാഘാതങ്ങളും വ്യക്തമാക്കുമോ ? | (സി) | 9.36% ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയത് ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ വില വർദ്ധനവിന് കാരണമായിട്ടുണ്ട്. തോട്ടണ്ടിയുടെ വില വർദ്ധിക്കുന്നതിന് ആനുപാതികമായി പരിപ്പിന് വില ലഭ്യമാകാത്തത് കശുവണ്ടി വ്യവസായത്തെ നഷ്ട ത്തിലേക്ക് നയിക്കുന്നതും പൊതുമേഖല യിലും സ്വകാര്യമേഖലയിലുമുള്ള കശുവണ്ടി വ്യവസായം തകരുന്നതിനും ഇടയാക്കും. കൂടാതെ 98% സ്ത്രീകൾ ജോലി ചെയ്യുന്ന 3 ലക്ഷം തൊഴിലവസരങ്ങൾ ഇല്ലാതാകും. |

സെക്ഷൻ ഓഫീസർ